ആർ.ആർ.(1)/45245/2019/ഡി.ജി.ഇ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 31.12.2019

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - 2020 ജനുവരി മാസം 1-ാം തീയതി മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും, വിദ്യാഭ്യാസ ഓഫീസുകളിലും ഒറ്റത്തവണമാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ ഒഴിവാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകുന്നത്. - സംബന്ധിച്ച്.

സൂചന:- 1. സർക്കാരിന്റെ 27.11.2019 തീയതിയിലെ സ.ഉ. (കൈ)നം.6/2019/പരി. നമ്പരായ ഉത്തരവ്.
2. സർക്കാരിന്റെ 17.12.2019 തീയതിയിലെ സ.ഉ. (കൈ) നം.7/2019/പരി. നമ്പരായ ഉത്തരവ്.

*******

സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക് ഉപഭോഗം വലിയ പാരിസ്ഥിതിക ആരോഗ്യപ്രശ്നമായി മാറിയിരിക്കുന്നു. പ്ലാസ്റ്റിക് ക്യാരിബാഗുകൾ, സ്ട്രോകൾ, പ്ലാസ്റ്റിക് പേപ്പറുകൾ, ഹോട്ടലുകളിലും മറ്റും ഭക്ഷണം പൊതിഞ്ഞു നൽകുന്ന ഷീറ്റുകൾ, കപ്പുകൾ, പ്ലേറ്റുകൾ തുടങ്ങിയവ ഒറ്റത്തവണ ഉപയോഗത്തിനുശേഷം പുന:ചംക്രമണം പോലും അസാധ്യമാക്കി തോടുകളിലും, ചാലുകളിലും, വഴിവക്കുകളിലും, മറ്റു സ്ഥലങ്ങളിലും അലക്ഷ്യമായി വലിച്ചെറിയുകയാണ്. രാജ്യത്തെ പല സംസ്ഥാനങ്ങളും ഇത്തരം പ്ലാസ്റ്റിക് വസ്തുക്കളുടെമേൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരും ഇത്തരം പ്ലാസ്റ്റിക് വസ്തുക്കളുടെമേൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപഭോഗം നിയന്ത്രിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടും പ്ലാസ്റ്റിക് ഉപഭോഗത്തിൽ വേണ്ടത്ര കുറവ് അനുഭവപ്പെട്ടിട്ടില്ല. ഈ പശ്ചാത്തലത്തിൽ സൂചനകൾ പ്രകാരം **2020 ജനുവരി മാസം 1-ാം തീയതി** മുതൽ സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ പൂർണമായ നിരോധനം സർക്കാർ ഏർപ്പെടുത്തിയിരിക്കുകയാണ്. ഇത്തരം പ്ലാസ്റ്റിക് വസ്തുക്കളുടെ ഉല്പാദനം, സൂക്ഷിക്കൽ, വില്പന, കൊണ്ടുനടക്കൽ എന്നിവയാണ് നിരോധിച്ചിട്ടുള്ളത്.

സർക്കാർ ഉത്തരവ് പ്രകാരം 01.01.2020 മുതൽ പൂർണ്ണമായി നിരോധിച്ചിട്ടുള്ള ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്ലാസ്റ്റിക് ക്യാരി ബാഗുകൾ (കനം നോക്കാതെ)
2. ടേബിളിൽ വിരിക്കാനായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റ്സ് (നിരോധനത്തിൽ നിന്ന് ക്ലിങ്ങ് ഫിലിം ഒഴിവാക്കിയിരിക്കുന്നു.)
3. തെർമോകോൾ, സ്റ്റൈറോഫോം എന്നിവ ഉപയോഗിച്ചുണ്ടാക്കുന്ന പ്ലേറ്റുകൾ, കപ്പുകൾ, അലങ്കാര വസ്തുക്കൾ.
4. ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ, സ്റ്റിറർ. (കപ്പുകളിൽ ടംബ്ലറുകളും ഉൾപ്പെടും)
5. പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ പ്ലേറ്റുകൾ, പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ ബൗളുകൾ, പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ ബാഗുകൾ.
6. നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ളാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ്.
7. പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, ബ്രാൻഡഡല്ലാത്ത പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ.
8. ബ്രാൻഡഡ് പ്ലാസ്റ്റിക് ജ്യൂസ് പായ്ക്കറ്റുകൾക്ക് Extended Producers Responsibility (EPR) ബാധകമാണ്.
9. PET/PETE കുടിവെള്ള ബോട്ടിലുകൾ (500ml.കപ്പാസിറ്റിക്ക് താഴെ) കുടിവെള്ള കുപ്പികളെ മാത്രമാണ് നിരോധനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 500ml -ന് മുകളിൽ വരുന്ന കുടിവെള്ള PET ബോട്ടിലുകളും എല്ലാ അളവിലുമുള്ള ബ്രാൻഡഡ് ജ്യൂസ് ബോട്ടിലുകൾക്കും EPR ബാധകമാണ്.
10. ഗാർബേജ് ബാഗുകൾ (പ്ലാസ്റ്റിക്)
11. പി.വി.സി. ഫ്ളക്സ് മെറ്റീരിയലുകൾ
12. പ്ലാസ്റ്റിക് പാക്കറ്റുകൾ. വിൽപ്പനകേന്ദ്രങ്ങളിൽ പഴങ്ങളും പച്ചക്കറികളും പായ്ക്ക് ചെയ്യാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പാക്കറ്റുകൾ

പ്ലാസ്റ്റിക് റീഫിൽ പേനകൾ ഉപയോഗത്തിനുശേഷം വലിച്ചെറിയാതെ ഒരു ബോക്സിൽ നിക്ഷേപിച്ച് ശേഖരിക്കാനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കി നിറവാർന്ന ഒരു പരിസ്ഥിതി സംരക്ഷണ സംസ്കാരം സൃഷ്ടിക്കുന്നതിനും, അതുവഴി ഭൂമിയെ സംരക്ഷിച്ച് പരിപാലിക്കുന്നതിനുമായി മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്ലാസ്റ്റിക് വസ്തുക്കൾ സംസ്ഥാനത്തെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ ഓഫീസുകളിലും 01.01.2020 മുതൽ, ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ എല്ലാ വിദ്യാഭ്യാസ ആഫീസർമാരും സ്വീകരിക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താക്കൾ:-

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി. മാർക്കും (ഹയർസെക്കണ്ടറി വിഭാഗം)
3. എല്ലാ എ.ഡി. മാർക്കും (വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം)
4. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
5. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരള.
6. സെക്രട്ടറി, പരീക്ഷാഭവൻ.
7. എല്ലാ ജില്ലാ / ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
8. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും.
9. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം.
10. എല്ലാ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾമാർക്കും (ബന്ധപ്പെട്ട ആർ.ഡി.ഡി. മാർ മുഖേന)
11. എല്ലാ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾമാർക്കും (ബന്ധപ്പെട്ട എ.ഡി. മാർ മുഖേന)
12. എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർമാർക്കും (ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
13. എല്ലാ യു.പി, എൽ.പി സ്കൂൾ പ്രഥമാദ്ധ്യാപകർമാർക്കും.(ബന്ധപ്പെട്ട ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന).

പകർപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും.